**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. ജയ മിനി, ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) -അവധി ക്രമപ്പെടുത്തുന്നതിനു വിധേയമായി തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഇ എ1- 157/18/ആ.കു.വ തീയതി 11.11.2020

2. ഡോ. ജയ മിനി സമർപ്പിച്ച അപേക്ഷ

3. മേലെഴുത്ത് നം. ഇ.ബി2-48775/2021/ആ.വ.ഡ തീയതി 24.08.2021

**ഉത്തരവ് നം. ഇ.എ1- 54500(1)/2016/ആ.വ.ഡ തീയതി 03.09.2021**

കോഴിക്കോട് കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായിരിക്കെ ഡോ. ജയ മിനി പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു. എന്നാൽ പരാമർശം (1) പ്രകാരം, ഡോ. ജയ മിനി യ്ക്ക് ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) തസ്തികയിൽ സ്ഥാനം നൽകുകയും പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധിയിൽ തുടരുവാൻ അനുമതി നൽകുകയും ചെയ്തിരുന്നു.

പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധിപൂർത്തിയായതിനാൽ ആരോഗ്യവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിക്കാൻ നിയമന ഉത്തരവിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ഡോ. ജയ മിനി യെ **പാലക്കാട് ചിറ്റൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)** തസ്തികയിലേക്ക് പരാമർശം (3) പ്രകാരം അവധി ക്രമപ്പെടുത്തുന്നതിനു വിധേയമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടിയാരി 06.09.2021 തീയതിയ്ക്കകം ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**

**ഡോ. മീനാക്ഷി വി**

**അഡീഷണൽ ഡയറക്ടർ (പി എച്ച്)**

**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്

ഡോ. ജയ മിനി, ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)

പകർപ്പ്:

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), പാലക്കാട്
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി ചിറ്റൂർ, പാലക്കാട്
4. സൂപ്രണ്ട്, ഇ.ബി.സെക്ഷൻ
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**